**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1252** **10-10-2024 - ൽ മറുപടിയ്ക്ക്**

**എലിവേറ്റഡ് ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എലിവേറ്റഡ് ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ ഡൈവേർഷൻ റോഡുകളായി ദേശീയപാത അതോറിറ്റിക്ക് കൈമാറിയ പൊതുമരാമത്ത് റോഡുകൾ പൊട്ടിപൊളിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉയരപാത നിർമ്മാണത്തിന്റെ ഭാഗമായി ആലപ്പുഴയിൽ നിന്നുള്ള വാഹനങ്ങൾ തിരിച്ചു വിടുന്നത് തുറവൂർ - കുമ്പളങ്ങി റോഡ് വഴിയും, എറണാകുളത്ത് നിന്നും വരുന്ന വാഹനങ്ങൾ അരൂർ - അരൂക്കുറ്റി മാക്കേക്കടവ് തുറവൂർ വഴിയുമാണ്.<br><br>തുറവൂർ കുമ്പളങ്ങി റോഡിന് 10.3 കി.മീ ദൂരവും, അരൂർ - അരൂക്കുറ്റി മാക്കേക്കടവ് തുറവൂർ റോഡിൽ അരൂരിനും മാക്കേക്കടവിനും ഇടയിൽ 2023-ൽ 5 കി.മീ ദൈർഘ്യം NHAI ബി.സി ഉപയോഗിച്ച് ഉപരിതലം പുതുക്കിയിരുന്നു. ബാക്കിയുള്ള ഭാഗങ്ങളിൽ NHAI അറ്റകുറ്റപ്പണികൾ നടത്തിയെങ്കിലും പര്യാപ്തമായിരുന്നില്ല. പല പ്രാവശ്യം ഇക്കാര്യം NHAI പ്രോജക്ട് ഡയറക്ടറുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു. കൂടാതെ ബഹു.കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് , ബഹു. എം.എൽ.എ, ബഹു. കളക്ടർ എന്നിവർ വിളിച്ചു കൂട്ടിയ വിവിധ യോഗങ്ങളിലും മെയിന്റനൻസ് നടത്തണമെന്ന് NHAI യെ അറിയിച്ചിരുന്നെങ്കിലും തൃപ്തികരമായ രീതിയിൽ മെയിന്റനൻസ് നടത്തിയിരുന്നില്ല. ഫലപ്രദമായി മെയിന്റനൻസ് നടത്താൻ NHAI യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വളരെ അടിയന്തര സാഹചര്യത്തിൽ വെള്ളക്കെട്ട് രൂപപ്പെട്ട സ്ഥലങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തിക്കൊണ്ട് മൂന്ന് സ്ഥലങ്ങളിൽ ഇന്റർലോക്ക് പാകുകയും ചെറിയ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിരുന്നു.<br><br>തുറവൂർ മുതൽ കുമ്പളങ്ങി വരെ വരുന്ന 10.3 കി.മീ, തുറവൂർ മുതൽ മാക്കേക്കടവ് വരെ 5.2 കി.മീ ഉം കൂടെ ആകെ 15.5 കി.മീ ബി.സി ഉപയോഗിച്ച് കൊണ്ട് ഉപരിതലം പുതുക്കൽ അനിവാര്യമാണ്. ഇതിന് |

| | | | |
|---|---|---|---|
| | | | ഏകദേശം 8 കോടി രൂപയോളം ചെലവ് വരുമെന്ന് കണക്കാക്കുന്നു. |
| (ബി) | പ്രസ്തുത റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ